**26. സഹകരണ മേഖലയിൽ PCP(പൊതു സഹകരണ പങ്കാളിത്തം)മാതൃകയിലുള്ള പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള ധനസഹായം (പുതിയ പദ്ധതി)**

**(വിഹിതം 100.00 ലക്ഷം രൂപ)**

പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും സംയുക്തമായി അടിസ്ഥാന സൗകര്യങ്ങൾ, പൊതുസേവനങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാക്കുന്ന വികസന മാതൃകയാണ് പബ്ലിക് കോ-ഓപ്പറേറ്റീവ് പാർട്ണർഷിപ്പ് (പി.സി.പി) മാതൃക. സർക്കാർ പിന്തുണയും സഹകരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഏകോപിപ്പിച്ച് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നു. പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- ആസ്തി വികസനം
- പൊതുസേവനങ്ങളുടെ മെച്ചപ്പെടുത്തൽ
- തൊഴിലവസര സൃഷ്ടി.
- സഹകരണ സ്ഥാപനങ്ങളുടെ ശാക്തീകരണം
- സമഗ്ര വികസന പ്രോത്സാഹനം

ഈ മാതൃകയിൽ സർക്കാർ ധനസഹായം, ഭൂമി, നയപരമായ പിന്തുണ, സാങ്കേതിക മാർഗനിർദേശം എന്നിവ നൽകുമ്പോൾ, സഹകരണ സ്ഥാപനങ്ങൾ സാമ്പത്തിക നിക്ഷേപം, പദ്ധതി ആസൂത്രണം നടപ്പാക്കൽ, മാനേജ്മെന്റ് എന്നിവയിൽ പങ്കാളികളാകുന്നു.

ആരോഗ്യം, ടൂറിസം, വിപണനം, അടിസ്ഥാന സൗകര്യ വികസനം, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി നിലവിലുള്ള പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ് (പി.പി.പി.) മാതൃകകളും പ്രയോജനപ്പെടുത്താവുന്നതാണ്.

പൊതു വിഭവങ്ങളെയും സഹകരണ പ്രസ്ഥാനത്തെയും ഏകോപിപ്പിക്കുന്നതിലൂടെ സാമ്പത്തിക വളർച്ചയും സാമൂഹിക ക്ഷേമവും പ്രോത്സാഹിപ്പിക്കുകയും അതിന്റെ പ്രയോജനങ്ങൾ സാധാരണ ജനങ്ങളിലെത്തിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതികൾ സഹകരണ സംഘങ്ങൾ വഴിയോ സഹകരണ സംഘങ്ങളുടെ കൺസോർഷ്യങ്ങൾ വഴിയോ നടപ്പിലാക്കുന്നതാണ്.

സഹകരണ മേഖലയിൽ പി.സി.പി (പൊതു സഹകരണ പങ്കാളിത്തം) മാതൃകയിൽ വൈവിധ്യമാർന്ന പദ്ധതികൾക്കായി പഠനങ്ങൾ നടത്തുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 100.00 ലക്ഷം രൂപ 2026-27 ലെ പുതുക്കിയ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**വിഹിതം : 100.00ലക്ഷം രൂപ)**

| 2025-26 വിഹിതം | 2025-26 ചെലവ് | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| -- | -- | 2425-00-108-18 | 100.00 |